പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 3162 21.06.2013 - ൽ മറുപടിയ്ക്ക്

**ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കാൻ നടപടി**

ചോദ്യം ഉത്തരം

ശ്രീ.കെ.ശിവദാസൻ നായർ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. പി.സി. വിഷ്ണുനാഥ്
ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി

ഡോ. എം.കെ. മുനീർ
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എല്ലാ ക്ഷേമ പെൻഷനുകളും വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള പെൻഷൻ പദ്ധതികളായ വികലാംഗ പെൻഷൻ 525/- രൂപയിൽ നിന്ന് 700/- രൂപയായും, 80% നുമേൽ വൈകല്യമുള്ളവർക്കുള്ള പെൻഷൻ 700/- രൂപയിൽ നിന്നും 1000 രൂപയായും അഗതി (വിധവ) പെൻഷൻ 525/- രൂപയിൽ നിന്ന് 700/-രൂപയായും, ദേശീയ വാർദ്ധക്യകാല പെൻഷൻ 80 വയസിനു മുകളിൽ പ്രായമുള്ളവർക്ക് 900/- രൂപയിൽ നിന്ന് 1100/- രൂപയായും മറ്റുള്ളവർക്ക് (65 വയസ്സു മുതൽ 80 വയസ്സുവരെ പ്രായമുള്ളവർക്ക്) 400/- രൂപയിൽ നിന്ന് 500 രൂപയായും 50 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ 525/- രൂപയിൽ നിന്ന് 700/- രൂപയായും വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഇതിനായി പ്രത്യേക പദ്ധതിയൊന്നും രൂപീകരിച്ചിട്ടില്ല. |
| (ബി)<br><br>(സി) | ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ;<br><br>പദ്ധതി വഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിച്ചത് ; വിശദമാക്കുമോ ; | (ബി) യും (സി) യും | അർഹതയുള്ള വിഭാഗങ്ങൾക്കെല്ലാം സാമൂഹ്യ സുരക്ഷ ഉറപ്പാക്കുക എന്നതാണ് പെൻഷൻ പദ്ധതികൾ കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ഡി) | പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ ? | (ഡി) | പെൻഷൻ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

R. Vijayan
സെക്ഷൻ ഓഫീസർ